**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2801** **14-09-2023 - ൽ മറുപടിയ്ക്ക്**

**2022-23 സാമ്പത്തിക വർഷം കയർഫെഡ് സംഭരിച്ച കയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷം കയർഫെഡ് എത്ര സംഘങ്ങളിൽ നിന്നും കയർ സംഭരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | 2022-23 സാമ്പത്തിക വർഷം കയർഫെഡ് 508 കയർ സഹകരണ സംഘങ്ങളിൽ നിന്നും കയർ സംഭരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷം എത്ര ക്വിന്റൽ കയർ സംഭരിച്ചുവെന്ന് അറിയിക്കുമോ; | (ബി) | 2022-23 സാമ്പത്തിക വർഷം കയർഫെഡ് 115418.2 ക്വിന്റൽ കയർ സംഭരിച്ചിട്ടുണ്ട്. |
| (സി) | സംഭരിച്ച കയറിൽ എ.എസ്സ്.എം. (ആട്ടോമാറ്റിക് സ്പിനിംഗ് മെഷിൻ) കയർ എത്രയെന്നും എ.എസ്സ്.എം അല്ലാത്ത കയർ എത്രയെന്നും തരം തിരിച്ച് വിശദമാക്കാമോ; | (സി) | 2022-23 സാമ്പത്തിക വർഷം കയർഫെഡ് ആട്ടോമാറ്റിക് സ്പിനിംഗ് മെഷിനിൽ ഉല്പാദിപ്പിച്ച 13312.5 ക്വിന്റൽ കയറും പരമ്പരാഗത ഇനത്തിൽപ്പെട്ട 102105.7 ക്വിന്റൽ കയറും സംഭരിച്ചിട്ടുണ്ട്. |
| (ഡി) | 2023-24 സാമ്പത്തിക വർഷത്തിലെ 31.07.2023 വരെയുള്ള കയർ സംഭരണത്തിന്റെ കണക്ക്, എ.എസ്സ്.എം. കയർ എത്രയെന്നും എ.എസ്സ്.എം അല്ലാത്ത കയർ എത്രയെന്നും തരം തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | 2023-24 സാമ്പത്തിക വർഷത്തിലെ 31.07.2023 വരെ ആകെ 38580.42 ക്വിന്റൽ കയർ കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷിനിൽ ഉല്പാദിപ്പിച്ച 3344.79 ക്വിന്റൽ കയറും പരമ്പരാഗത ഇനത്തിൽപ്പെട്ട 35235.63 ക്വിന്റൽ കയറും സംഭരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ